(ബി) ഈ റസ്റ്റ് ഹൗസിൽ ഫോൺ കണക്ഷൻ നൽകുന്നതിനും ഒരു കുക്കിനെ നിയമിക്കുന്നതിനും ഒരു മുറി എയർകണ്ടീഷൻ ചെയ്യുന്നതിനും ആയി സ്ഥലം എം.എൽ.എ. നൽകിയ നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചു;

(ഡി) നെടുമങ്ങാട് റസ്റ്റ് ഹൗസിനെ ക്ലാസ്-1 റസ്റ്റ് ഹൗസ് ആക്കി മാറ്റുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-ഡി) നെടുമങ്ങാട് റസ്റ്റ് ഹൗസിന്റെ ഉൽഘാടനവേളയിൽ എം.എൽ.എ. ആവശ്യപ്പെട്ട പ്രകാരം പ്രസ്തുത റസ്റ്റ് ഹൗസ് ക്ലാസ്-1 റസ്റ്റ് ഹൗസായി ഉയർത്തുന്നതിനും അതിലേയ്ക്കാവശ്യമായ സ്റ്റാഫിനെ നിയമിക്കുന്നതിനും, ടെലിഫോൺ സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

100 (567) നെല്ലാംകണ്ടി കടവിലെ പാലം നിർമ്മാണം

ശ്രീ. സി. മൊയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി മണ്ഡലത്തിലെ നെല്ലാംകണ്ടി എളേറ്റിൽ-വട്ടോളി റോഡിൽ നെല്ലാംകണ്ടി കടവിൽ പാലം നിർമ്മിക്കുന്നതിന് എത്ര ലക്ഷം രൂപയുടെ എസ്റ്റിമേറ്റിനാണ് ഭരണാനുമതി നൽകിയത്;

(ബി) പാലം പണി തുടങ്ങുന്നതിന് ആവശ്യമായ തുക 2000-2001-ലെ ബഡ്ജറ്റിൽ കൊള്ളിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) കോഴിക്കോട്-വയനാട് റോഡിൽ വാവാട് സെന്റർ ബാസാർ ഭാഗത്ത് റോഡിന് വീതി കുറവായതിനാൽ വാഹനങ്ങൾ പോകുന്നതിന് ബുദ്ധിമുട്ടനുഭവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) വാവാട് ഭാഗത്ത് ഒരു കിലോമീറ്റർ ദൂരം ടാറിംഗ് നടത്തി വീതി കൂട്ടി ഗതാഗതകുരുക്ക് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 29/5/99 ലെ ജി.ഒ. ആർ.ടി. നം. 502/99/പൊമവ പ്രകാരം 171 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് ഈ പാലം നിർമ്മിക്കുന്നതിനായി നൽകിയത്.

(ബി) നബാർഡിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി&ഡി) വാവാട് സെന്റർ ബാസാർ ഭാഗം ഉൾപ്പെടെയുള്ള റോഡ് നാഷണൽ ഹൈവേയായി പ്രഖ്യാപിച്ചിട്ടുണ്ട്. ഈ റോഡ് ദേശീയപാതാ വിഭാഗത്തിന് കൈമാറാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly